**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1829** **08-10-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ ഗെയിംസ് മെഡൽ ജേതാക്കൾക്ക് ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2015-ലെ ദേശീയ ഗെയിംസിൽ മെഡൽ നേടിയ എത്ര കായിക താരങ്ങൾക്ക് ഏതൊക്കെ വകുപ്പുകളിൽ ജോലി നൽകിയിട്ടുണ്ട്; ഇനി എത്രപേർക്ക് ജോലി നൽകാനുണ്ട്; വിശദവിവരം നൽകാമോ? | (എ) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35ാമത് ദേശീയ ഗെയിംസിൽ വെള്ളി,/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 83 കായികതാരങ്ങളിൽ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായികതാരത്തിന് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഇല്ലാതിരുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നൽകുവാൻ കഴിഞ്ഞിട്ടില്ല. ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ